# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

സണ്ണി എം. സി
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9446561939

പി.ആർ.ഒ/35/199/2016 പത്രക്കുറിപ്പ് 2016 **സെപ്തംബർ 12**

## തടവുകാർക്കൊപ്പം എം.ജി. സർവകലാശാല വിദ്യാർത്ഥികളുടെ ഓണാഘോഷം:

എം.ജി. സർവകലാശാലാ ലൈഫ്‌ലോങ് ലേണിംഗ് ആൻറ് എക്സ്റ്റൻഷൻ ഡിപ്പാർട്ട്മെൻ്റിലെ കൗൺസലിങ് കോഴ്സ് വിദ്യാർത്ഥികളുടെ ഓണാഘോഷം കോട്ടയം ജില്ലാ ജയിലിലെ തടവു പുള്ളികൾക്കൊപ്പം. പൂക്കളമൊരുക്കിയും കലാപരിപാടികൾ നടത്തിയുമാണ് വിദ്യാർത്ഥികളും അധ്യാപകരും തടവുകാർക്കൊപ്പം ഓണമാഘോഷിച്ചത്. സാംസ്കാരിക പരിപാടികളുടെ ഭാഗമായി നടന്ന യോഗത്തിൽ കോഴ്സ് കോ -ഓർഡിനേറ്റർ പ്രൊഫ.മാത്യു കണമല, ജയിൽ സൂപ്രണ്ട് ബി.അനിൽകുമാർ, അനീഷ് മോഹൻ, മനോജ് ജോർജ്, മണിലാൽ റ്റി.കെ , എ. വി ആഷ എന്നിവർ സംസാരിച്ചു. വിദ്യാർത്ഥികൾ ശേഖരിച്ച പുസ്തകങ്ങൾ ജയിൽ ലൈബ്രറിക്ക് സംഭാവന ചെയ്തു. തടവുകാർക്ക് പായസവും ഒരുക്കിയ വിദ്യാർത്ഥികളും ഒത്തുള്ള ഓണാഘോഷം ജയിൽ തടവുകാർക്ക് വേറിട്ട അനുഭവമായി.

അടിക്കുറിപ്പ് : എം.ജി. സർവകലാശാല ലൈഫ് ലോങ്ങ് ലേണിംഗ് വകുപ്പിലെ കൗൺസിലിങ് കോഴ്സ് വിദ്യാർത്ഥികൾ കോട്ടയം ജില്ലാ ജയിലിൽ ഓണ പൂക്കളത്തോടൊപ്പം.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)